പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3294** 13.03.2017 -ൽ മറുപടിക്ക്

## സംരക്ഷിത സ്മാരകങ്ങൾ

ചോദ്യം ഉത്തരം

ശ്രീ.സി.ദിവാകരൻ
ശ്രീമതി. ഇ.എസ്.ബിജിമോൾ
ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ
ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും പുരാവസ്തു സംരക്ഷണവും മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ അധീനതയിൽ എത്ര സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവയെ സംരക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന പുരാവസ്തു വകുപ്പിന്റെ അധീനതയിൽ 179 സംരക്ഷിത സ്മാരകങ്ങളാണ് നിലവിലുള്ളത്. 1968 – ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഒരു സ്മാരകത്തെ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നത്. 1968 ലെ ആക്റ്റ് പ്രകാരം ഒരു സ്മാരകം സംരക്ഷണ യോഗ്യമാണെന്ന് ബോധ്യപ്പെട്ടതിനു ശേഷം സർക്കാർ ടി സ്മാരകവുമായി ബന്ധപ്പെട്ട് റവന്യൂ വിശദവിവരം ലഭ്യമാക്കി പ്രാഥമിക വിജ്ഞാപനവും തുടർന്ന് ഇത് സംബന്ധിച്ച് രണ്ട് മാസത്തിനകം ആക്ഷേപം ഒന്നും ലഭിക്കാത്ത പക്ഷം പ്രസ്തുത സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നു. |
| (ബി) | യുനെസ്കോയുടെ പൈതൃകപട്ടികയിൽ നിലവിൽ കേരളത്തിലെ ഏതെല്ലാം സ്മാരകങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്; ഇനിയേതൊക്കെ ഉൾക്കൊള്ളിക്കുന്നതിനാണ് ശ്രമം നടത്തി വരുന്നത്; | (ബി) | യുനെസ്കോയുടെ അന്തിമ പൈതൃക പട്ടികയിൽ പുരാവസ്തു വകുപ്പിന് കീഴിലുള്ള സ്മാരകങ്ങൾ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല. കന്യാകുമാരി ജില്ലയിലെ തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരത്തെ യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടാൽ ഏതെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാകുമോ യെന്നറിയിക്കാമോ; | (സി) | അന്തിമ പട്ടികയിൽ പുരാവസ്തു വകുപ്പിന്റെ സ്മാരകങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ വിശാദംശങ്ങൾ ലഭ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | നമ്മുടെ പൈതൃകത്തിന്റെയും ചരിത്രത്തിന്റെയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവി തലമുറയ്ക്ക് അവബോധം നൽകുന്നതിനുമായി ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ ; വ്യക്തമാക്കുമോ ? | (ഡി) | എല്ലാ ജില്ലകളുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അത് വരും തലമുറയ്ക്ക് പകർന്ന് നല്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കേണ്ട തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി നിലവിലെ താലൂക്ക് ഓഫീസ് ആയി പ്രവർത്തിച്ച് വരുന്നതിനാൽ ഇത് മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**